# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1594

13.06.2014-ൽ മറുപടിയ്ക്ക്

### തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഡ് പുനർവിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി പി.അയിഷാ പോറ്റി | | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് അവസാനമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഡ് പുനർ വിഭജനം നടന്നത് എന്നാണ് ; | എ) | 2010 ലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരെഞ്ഞെടുപ്പിന് മുന്നോടിയായാണ് അവസാനമായി ത്രിതല പഞ്ചായത്തുകളിലെ വാർഡ് പുനർ വിഭജനം നടന്നത്. |
| ബി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് പുനർ വിഭജനം നടത്തുന്നതിന് നിലവിൽ ആലോചനയുണ്ടോ ; | ബി) | കേരള പഞ്ചായത്ത് രാജ് നിയമം 10-ാം വകുപ്പ് പ്രകാരം പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്തുന്നതിനുള്ള ചുമതല സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനാണ്. പുതിയ ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ. |
| സി) | ഇരുപത് വർഷത്തിലൊരിക്കലേ വാർഡ് പുനർവിഭജനം നടത്താവൂ എന്ന സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | സി) | സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഈ ശിപാർശ അംഗീകരിച്ചിട്ടുണ്ട്. പക്ഷെ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ